പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4895 — 27.06.2014- ൽ മറുപടിക്ക്

സാമൂഹ്യ സുരക്ഷാ പെൻഷൻ

ചോദ്യം
ശ്രീ. സി.ദിവാകരൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. കെ.രാജു

ഉത്തരം
ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ ഉപഭോക്താക്കളായി എത്ര പേരുണ്ട്; ഇതിൽ വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കാർഷിക പെൻഷൻ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവർ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വികലാംഗ പെൻഷൻ, അഗതി/ വിധവാ പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, എന്നിവയുടെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>വികലാംഗ പെൻഷൻ - 298375<br>വാർദ്ധക്യകാല പെൻഷൻ - 634882<br>വിധവാ പെൻഷൻ - 919251<br>മാനസിക വെല്ലുവിളി നേരിടുന്നവർക്കും വികലാംഗ പെൻഷൻ നൽകിവരുന്നുണ്ട്. ഇവരുടെ കണക്ക് പ്രത്യേകമായി ശേഖരിച്ചിട്ടില്ല. കാർഷിക പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ പുതുതായി തെരഞ്ഞെടുത്ത എത്ര പേർക്ക് വീതം പെൻഷൻ നൽകി തുടങ്ങാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ് |

സെക്ഷൻ ഓഫീസർ